LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുറിക്കല്ല് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്.

(സി) ഇല്ല.

(ഡി) ഇതിനകം 5838.80 ച.മീ. സ്ഥലം ഏറ്റെടുത്തു. ഇനി 320 ച.മീ. സ്ഥലം കൂടി ലഭിക്കാനുണ്ട്.

(ഇ) ആവശ്യമായ സ്ഥലം മുഴുവൻ ലഭിച്ചാലുടൻ തന്നെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

മലപ്പുറം മണ്ഡലത്തിലെ പാലങ്ങൾ

186 (5891) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പാലങ്ങളുടെ പണികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൽ ഏതെല്ലാം പാലങ്ങൾക്ക് ഭരണാനുമതി നൽകി ; ഏതൊക്കെ പാലങ്ങളുടെ എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായി ; ഓരോന്നും ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ആനക്കയം പഞ്ചായത്തിലെ മുടിക്കോട് പാലം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(ഡി) ഊരകം പഞ്ചായത്തിലെ വള്ളിപ്പാടം-ആലുങ്കൽകടവ് പാലം നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുമോ ?

ഉത്തരം

(എ) മൂന്ന് പാലങ്ങൾക്ക്.

(ബി & സി) മുടിക്കോട് പാലത്തിന് 630 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം മുൻകൂർ ലഭ്യമല്ലാത്തതുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വള്ളിപ്പാടം ആലുങ്കൽകടവ് പാലത്തിന്റെയും, ഉമ്മിണിക്കടവ് പാലത്തിന്റെയും നിർമ്മാണത്തിന് യഥാക്രമം 600 ലക്ഷം രൂപയുടെയും 440 ലക്ഷം രൂപയുടേയും റഫ്കോസ്റ്റ് എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണാനുമതി നല്കി, സ്ഥലം ലഭ്യമായാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

മലപ്പുറം കോട്ടപ്പടിയിൽ മേൽപ്പാലം നിർമ്മാണം

187 (5892) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോട്ടപ്പടിയിലെ വാഹനത്തിരക്കുകാരണം താലൂക്ക് ആശുപത്രിയിലേക്ക് പോകുന്നതിന് രോഗികൾക്കും മറ്റും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് ഇവിടെ ഒരു മേൽപ്പാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) മേൽപ്പാലം നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ മൊയ്തുപാലത്തിന്റെ അറ്റകുറ്റപ്പണികൾ

188 (5893) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മൊയ്തുപാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2000 മുതൽ 2010 വരെ മൊയ്തുപാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ടി പാലത്തിന് ഒരു സമാന്തര പാലം നിർമ്മിക്കുവാനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി സർക്കാർ വകയിരുത്തിയ തുക എത്രയെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,86,45,798 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി & ഡി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും ഈ ആവശ്യത്തിലേക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് 303.73 ലക്ഷം രൂപയുടെ അടങ്കലിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ സർവ്വേ പ്രവൃത്തികൾ കഴിഞ്ഞു. സ്ട്രക്ചറൽ വാലുവേഷൻ നടന്നുവരുന്നു. മൊയ്തുപാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പ്രവൃത്തി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2010-11 വാർഷിക

LIBRARY ARCHIVES Kerala Legislative Assembly